കേരള സർക്കാർ

മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.) 2035/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം ,
സിവിൽ സ്റ്റേഷൻ,കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി :15.12.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലേയും 3-ലേയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.) 2035 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം ,
സിവിൽ സ്റ്റേഷൻ,കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി :15.12.2017

## എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.08.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 19.10.2017 മുതൽ 27.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. മിനു.പി.കെ., ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ജോമോൾ എം. ജോണി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സന്തോഷ്കുമാർ.എം,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി . ജയ സോമൻ | 1.4.2016 | 31.03.2017 |
| വൈസ് പ്രസിഡന്റ് | ശ്രീ ഷാജി മാധവൻ | 1.4.2016 | 31.03.2017 |

സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്

| | | | |
|---|---|---|---|
| വികസന കാര്യം | ശ്രീമതി സുധ രാജേന്ദ്രൻ നായർ | 1.4.2016 | 31.03.2017 |
| ക്ഷേമകാര്യം | ശ്രീ ജയൻ കുന്നേൽ | 1.4.2016 | 31.03.2017 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | ശ്രീമതി ഇന്ദിര ധർമ്മരാജൻ | 1.4.2016 | 31.03.2017 |
| സെക്രട്ടറി | ശ്രീ. ഏണസ്റ്റ് സി. തോമസ് | 1.4.2016 | 16.06.2016 |
| | ശ്രീമതി.സോണിയ കെ.ആർ | 17.06.2016 | 1.8.2016 |
| | ശ്രീ.ബൈജു റ്റി. പോൾ | 2.8.2016 | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് ഡയറക്ടർ കൃഷി | ശ്രീമതി കൈരളി എൻ | 1.4.2016 | 29.6.2016 |
| | ശ്രീമതി ബിജി തോമസ് | 30.6.2016 | 31.3.2017 |
| സി.ഡി.പി.ഒ. | ശ്രീമതി ലളിതമോൾ തോമസ് | 1.4.2016 | 17.12.2016 |
| | ശ്രീമതി .ശുഭ കെ.നായർ | 18.12.2016 | 21.12.2016 |
| | ശ്രീമതി.ശ്രീരഞ്ജിനി | 22.12.2016 | 31.3.2017 |
| ഡയറി ഡെവലപ്മെന്റ് ഓഫീസർ | ശ്രീമതി സൂസി എലിസബത്ത് തോമസ് | 1.4.2016 | 31.3.2017 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.കെ.ടി.സാജൻ | 1.4.2016 | 3.3.2017F.N. |
| | ജൂഡ് ജോസഫ് | 3.3.2017A.N. | 31.3.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി ബിന്ദു വി. | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (CHC കീച്ചേരി) | ഡോ.വിപിൻമോഹൻ | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്. സി.) മുളന്തുരുത്തി | ഡോ.ഷാജി | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്. സി.)പൂത്തോട്ട | ഡോ.ഷീജ ബി. | 1.4.2016 | 7.9.2016 |
| | | 7.10.2016 | 30.12.2016 |
| | ഡോ.സലിം കെ.ബി. | 8.9.2016 | 6.10.2016 |
| | | 31.12.2016 | 31.3.2017 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ പ്രസന്നൻ കെ. | 1.4.2016 | 31.3.2017 |
| വെറ്റിനറി സർജൻ | ഡോ.ഷൈജു സി.കെ. | 1.4.2016 | 10.4.2016 |
| | ഡോ.സാനി എം.പി. | 11.4.2016 | 31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വാടക വരവ്--അപാകതകൾ | 2-1 |
| 13 | വാർഷികകണക്കുകളിലെ അപാകതകൾ | 2-2 |
| | ഭാഗം – 3 | |
| 14 | കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല | 3-1 |
| 15 | വാഹനം മെയിന്റനൻസ് -അപാകങ്ങൾ | 3-2 |
| 16 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ -ഇ.എം.ഡി., ടെണ്ടർ ഫാറ വില എന്നിവ പഞ്ചായത്തിലേക്ക് ലഭ്യമായില്ല | 3-3 |
| 17 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-4 |
| 18 | തനത് ഫണ്ടിൽ നിന്ന് ചെലവാക്കിയ തുക തിരികെ ഈടാക്കിയില്ല. | 3-5 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 29 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 30 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 31 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 26.2.2016 ലെ തീരുമാനം 1(l) പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 31,08,50,000 | 30,86,16,446 |
| വാർഷിക കണക്കുകൾ പ്രകാരം | 6,85,12,151 | 6,75,17,401 |
| വ്യത്യാസം | 24,23,37,849 | 24,10,99,045 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ സാമ്പത്തിക വർഷത്തിന് മുൻപുള്ള മൂന്നു വർഷത്തെ യഥാർത്ഥ വരവുചെലവുകളുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 15.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി : 20.10.2017

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,50,20,638/- |
| വരവ് | 6,85,12,151/- |
| ആകെ | 10,35,32,789/- |
| ചെലവ് | 6,75,17,401/- |
| നീക്കിയിരിപ്പ് | 3,60,15,388/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് തുക (ACR പ്രകാരം ) | യഥാർത്ഥ ചെലവ് | ചെലവഴിക്കാതെ പോയ തുക | ചെലവ് % |
|---|---|---|---|---|
| പൊതുവിഭാഗം | 2,00,09,948 | 1,31,69,938 | 68,40,010 | 65.8 |
| എസ്.സി. പി. | 1,05,38,136 | 1,00,89,583 | 4,48,553 | 95.74 |
| ടി.എസ്. പി. | 2,33,076 | 52,000 | 1,81,076 | 22.31 |
| സംരക്ഷണ ഗ്രാന്റ് – നോൺറോഡ് | 31,14,156 | 10,56,838 | 20,57,318 | 33.93 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 78 | 3,18,93,160 | 53 | 2,33,11,521 | 16 | 9 | 68 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം താഴെ കൊടുക്കുന്നു

| ഇനം | തൻവർഷം | മുൻവർഷം |
|---|---|---|
| വാടക, ഫോറം വില , മറ്റു വരവുകൾ | 5,43,296 | 5,97,370 |
| പലിശ വരവ് | 0 | 0 |
| ആകെ | 5,43,296 | 5,97,370 |

## 1-8 ക്ഷേമപദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2017ന് ജോയിന്റ് ബി.ഡി.ഒ.യുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായി തുകയൊന്നും ഉണ്ടായിരുന്നില്ലെന്നത് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. രജിസ്റ്ററുകളുടെസൂക്ഷിപ്പ്.

ഇൻകുമ്പെൻസി രജിസ്റ്റർ. ഓഡിറ്റ് കാലയളവുകളിലെ ഇൻകുമ്പെൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടേയും മുഴുവൻ നിർവ്വഹണോദ്യോഗസ്ഥരുടേയും വിവരങ്ങൾ ചേർത്ത്

ഇൻകുമ്പെൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

വായ്പ രജിസ്റ്റർ

വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഐ.എ.വൈ. ഭവന നിർമ്മാണ പൂർത്തീകരണത്തിനു വേണ്ടി എറണാകുളം ജില്ല സഹകരണ ബാങ്കിൽ നിന്നും 33,00,000/- രൂപ വായ്പയെടുത്തിട്ടുണ്ട്. വായ്പയുടെയും തിരിച്ചടവിന്റെ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ബിൽ രജിസ്റ്റർ

ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഓഫീസ് മേലധികാരികൾ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല.

2. വൗച്ചറുകളുടെ സൂക്ഷിപ്പ്

വൗച്ചറുകൾ സീരിയൽ നമ്പർ ഇടാതെയാണ് പരിപാലിച്ചിരുന്നത്. കണ്ടിജന്റ് വൗച്ചറുകളിൽ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.6.2017 മുതൽ 15.6.2017 വരെ | 2016-17 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2009-10 മുതൽ 2012-13 വരെ | 15.2.2014 മുതൽ 1.3.2014വരെ | 21.5.2014 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക വരവ്-അപാകത

വാടക രജിസ്റ്ററും കുടിശ്ശിക വാടക രജിസ്റ്ററും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല. പരിശോധനക്കായി നൽകിയ രജിസ്റ്റർ പ്രകാരമുള്ള വരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും തമ്മിലുള്ള വ്യത്യാസം താഴെ ചേർക്കുന്നു.

തൻവർഷം

| | വരവ്(ഡിമാന്റ്) | കളക്ഷൻ | ബാക്കി |
|---|---|---|---|
| വാടക രജിസ്റ്റർ പ്രകാരം | 6,51,172/- | 2,84,521/- | 3,66,651/- |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 6,40,347/- | 2,89,151/- | 3,51,196/- |

കുടിശ്ശിക

| | വരവ് (ഡിമാന്റ്) | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 2,10,856/- | 1,78,586/- | 32,270/- |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 2,11,371/- | 1,76,106/- | 35,265/- |

ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി കെട്ടിട നമ്പർ അടക്കം ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് വാടകരജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും ധനകാര്യ പത്രിക പ്രകാരമുള്ള വരവുമായി റീകൺസൈൽ ചെയ്യേണ്ടതുമാണ്.

## 2-2 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാടക രജിസ്റ്റർ പ്രകാരം 2016-17 -ലെ തൻവർഷ വരവ് 6,51,172/-രൂപയാണെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ 6,40,347/-രൂപ മാത്രമാണ് ഉൽപ്പെടുത്തിയിരിക്കുന്നത്. തൻവർഷ കളക്ഷനായ 2,89,151/- കുറച്ച തുകയായ 3,62,021/- രൂപ തൻവർഷ വാടക കുടിശ്ശികയായി വാർഷിക ധനകാര്യ പത്രികയിൽ ചേർക്കേണ്ടതാണ്.

2. വാർഷിക ധനകാര്യ പത്രികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ മൂല്യം ചേർത്തിട്ടില്ല.

3. RP -31 ഷെഡ്യൂളിൽ കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെൻചർ ഫ്രം വില്ലേജ് പഞ്ചായത്ത് എന്ന ഇനത്തിൽ 150000/രൂപ വരവായി ചേർക്കേണ്ടതും ഈ തുക കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെൻചർ ഫ്രം ഡിസ്ട്രിക്ട് പഞ്ചായത്ത് എന്ന ഇനത്തിൽ കുറച്ച് കാണിക്കേണ്ടതുമാണ്. കൂടാതെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച രൂപയും കൂടി വില്ലേജ് പഞ്ചായത്തിൽനിന്നുള്ള വരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. RP -31 ഷെഡ്യൂളിൽ കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെൻചർ ഫ്രം ബ്ലോക്ക് പഞ്ചായത്ത് എന്ന ഇനത്തിൽ വരവായി ചേർത്തിട്ടുള്ള തുക ഈ ഷെഡ്യൂളിൽ തന്നെ വരവായി വികസന ഫണ്ട് -ജനറൽ, വികസന ഫണ്ട്-എസ്.സി.പി, എന്നീ ഇനങ്ങളിൽ വരവായി ചേർത്തിട്ടുള്ളതാണ്. ആയതിനാൽ വരവിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്.

ഈ അപാകതകൾ പരിഹരിച്ച് ധനകാര്യ പത്രിക തയ്യാറാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല

മുളന്തുരുത്തി ബ്ളോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ കരാറുകാർ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. കരാറുകാർ ആരുംതന്നെ സമയം നീട്ടി നൽകുവാൻ അഭ്യർത്ഥിച്ചിട്ടില്ല. പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ലെന്നുള്ളത് ഇതിൽ നിന്ന് വ്യക്തമാണ്. 2016-17ൽ നിർവ്വഹിച്ച പ്രവൃത്തികൾക്ക് 2012 PWD മാന്വലിന്റെ അടിസ്ഥാനത്തിൽ കരാർ ചമയ്ക്കേണ്ടതിന് പകരം 2009 PWD മാന്വലിന്റെ അടിസ്ഥാനത്തിലാണ് കരാർ ചമച്ചിട്ടുള്ളത്. പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപായി കരാറുകാരുമായി ഏർപ്പെടുന്ന ഉടമ്പടിയിൽ 7-ാമത്തെ ഉപാധിയായി, നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് 20% സമയം ഫൈനില്ലാതെയും അടുത്ത 3 മാസത്തേക്ക് 1% നിരക്കിലും, പിന്നീട് ഓരോ 3മാസത്തേക്കും 2% നിരക്കിലും, ദിവസങ്ങൾക്ക് ആനുപാതികമായും ഫൈൻ ഈടാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഫൈനില്ലാതെ സമയദൈർഘ്യം നേടുന്നതിന് ഇവർക്ക് അർഹതയില്ല. അതിനാൽ താഴെ പറയുന്ന പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്ന് താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 20.10.2017ലെ 1-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് , പ്രോജക്റ്റ് നമ്പർ | കരാറു കാരന്റെ പേര് | കരാർ നമ്പർ തീയതി, | അളവു പുസ്തകം നം | PAC | ബിൽ വിവരങ്ങൾ | പൂർത്തീകരി ക്കേണ്ട തീയതി | പൂർത്തീ കരിച്ച തീയതി | ഈടാക്കേണ്ട ഫൈൻ | |
|---|---|---|---|---|---|---|---|---|---|---|
| 1 | അരയൻകാവ് വനിത വർക്ക് ഷെഡ് നിർമ്മാണം 45/16-17 | ബേസിൽ. പി.വർഗ്ഗീസ് | 54/ 15-16 3.3.16 | 56/ 15-16 | 589400 | 449283 62/ 15-16 31.3.16 140117 22/ | 2.7.16 | 7.2.17 | 1.10.16 വരെ @ 1% | 5894/- |
| | | | | | | | | | 1.1.17 വരെ | 11788/- |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | 16-17 4.3.17 | | | @ 2% | |
| | | | | | | | | | 2.1.17 – 6.2.17 (36 days- @130/- per day) | 4680/- |
| | | | | | | | | | TOTAL | 22362/- |
| 2 | കാരിയേലിൽ പാടം തോട് സൈഡ് കെട്ടലും കവർ സ്ലാബ് നിർമ്മാണവും 40/16-17 | സജി.പി. വർഗ്ഗീസ് | 22/15-16 3.10.15 | 45/15-16 | 490600 | 86140 54/ 15-16/ 30.3.16 403214 23/ 16-17/ 18.3.17 | 2.2.16 | 10.2.17 | 1.05.16 വരെ @ 1% | 4906/- |
| | | | | | | | | | 1.08.16 വരെ @ 2% | 9812/- |
| | | | | | | | | | 1.11.16 വരെ @ 2% | 9812/- |
| | | | | | | | | | 1.02.17 വരെ @ 2% | 9812/- |
| | | | | | | | | | 2.02.17 – 09.2.17 (8days- @109/- per day) | 872/- |
| | | | | | | | | | TOTAL | 35214/- |
| 3. | ആമ്പല്ലൂർ പഞ്ചായത്തിൽ യുവതികൾക്ക കൗൺ സിലിംഗ് സെന്റർ 39/16-17 | വിപി തങ്കച്ചൻ | 36/ 15-16 14.01.16 | 70/ 15-16 | 472500 | 250000 49/ 15-16 26.3.16 201175 25/ 16-17 31.3.17 | 13.04.16 | 28.2.17 | 12.07.16 വരെ @ 1% | 4725/- |
| | | | | | | | | | 12.10.16 വരെ @ 2% | 9450/- |
| | | | | | | | | | 12.01.17 വരെ @ 2% | 9450/- |
| | | | | | | | | | 13.1.17 – 28.2.17 (47 days- @105/- per day) | 4905/- |
| | | | | | | | | | TOTAL | 28560 |
| 4 | ക്രോസോത്ത് ഇന്ദിരാഗാന്ധി വനിതകൾക്ക് വർക്ക് ഷെഡ് നിർമ്മാണം 31/16-17 | വിപി തങ്കച്ചൻ | 5/15-16 /14.1.16 | 74/15-16 | 472500 | 200000 52/ 15-16/ 22.3.16 282913 24/ 16-17/ 31.3.17 | 13.4.16 | 27.2.17 | 12.07.16 വരെ @ 1% | 4725/- |
| | | | | | | | | | 12.10.16 വരെ @ 2% | 9450/- |
| | | | | | | | | | 12.01.17 വരെ @ | 9450/- |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | 2% | |
| | | | | | | | | | 13.1.17 – 27.2.17 (46 days-@105/- per day) | 4830/- |
| | | | | | | | | | TOTAL | 28455/- |
| 5. | അരയൻകാവ് വനിത വ്യവസായ ഗ്രൂപ്പുകൾക്ക് വർക്ക് ഷെഡ് നിർമ്മാണം 36/16-7 | എം.ജെ. ജെയിംസ് | 31/15-16/ 11.1.16 | 55/15-16 | 442500 | 221920 63/15 31.3.16 203324 30/16-17 31.3.17 | 13.4.16 | 27.2.17 | 12.07.16 വരെ @ 1% | 4425/- |
| | | | | | | | | | 12.10.16 വരെ @ 2% | 8850/- |
| | | | | | | | | | 12.01.17 വരെ @ 2% | 8850/- |
| | | | | | | | | | 13.1.17 – 28.2.17 (47 days-@98/- per day) | 4621/- |
| | | | | | | | | | TOTAL | 26746/- |

ഫൈൻ ഇനത്തിൽ ഈടാക്കേണ്ട 141337/- ഉത്തരവാദികളായ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 വാഹനം മെയിന്റനൻസ് -അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനം (നം.കെ.എൽ.39 സി. 9009) 5.10.2016-ൽ തിരുവനന്തപുരത്തുണ്ടായ അപകടത്തെ തുടർന്ന് തിരുവനന്തപുരത്ത് കരമനയിലുള്ള ടി.വി.എസ് വർക്ക്ഷോപ്പിൽ മെയിന്റനൻസിനായി നൽകിയിരുന്നു. ആയതിന്റെ മെയിന്റനൻസിനും, (ചെലവ് - 394205/-രൂപ -ചെക്ക് നം.9303266/23.1.2017) വാഹനത്തിന്റെ കേടായ ഭാഗങ്ങൾ അപകടസ്ഥലത്തുനിന്നും നീക്കം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ എത്തിക്കുന്നതിനും വേണ്ടി (ചെലവ്-17550/- (ചെക്ക് നം. 9303275/14.2.2017-11500, ചെക്ക് നം. 9303276/ 14.2.2017-1300, ചെക്ക് നം.9303277/ 14.2.2017-4750)) തുക ചെലവഴിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കി (നം.എസ് .0074/17) 411755/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1)റിപ്പയറിംഗ് എസ്റ്റിമേറ്റ് എടുക്കുകയോ ആയതിന് ചാലക്കുടിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡ.ബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷൻ-ൽ നിന്നും അനുമതി ലഭിക്കുകയോ ചെയ്തിട്ടില്ല. 11.5.2012-ൽ വാങ്ങിയ വാഹനത്തിന്റെ വില 682719/- രൂപയായിരുന്നു (അപകടം നടക്കുന്ന സമയത്ത് 107692 km ദൂരം വാഹനം ഓടിക്കഴിഞ്ഞിട്ടുണ്ട്) . ആയതിന്റെ ഡിപ്രിസിയേഷൻ കുറവുചെയ്താൽ ലഭിക്കുന്ന വിലയും മെയിന്റനൻസിനായി ചെലവഴിച്ച തുകയും തമ്മിൽ വലിയ അന്തരമില്ലെന്നിരിക്കെ ഇത്രയും വലിയ തുക റിപ്പയറിംഗിനായി ചെലവാക്കുവാനിടയായ സാഹചര്യം വ്യക്തമല്ല.

2) ആക്സിഡന്റ് നടന്നതിനു ശേഷമുള്ള വാഹനത്തിന്റെ ചിത്രങ്ങൾ,ഇൻഷ്വറൻസ് പോളിസി വിവരങ്ങൾ തുടങ്ങിയ വിവരങ്ങളും ഫയലിൽ ഇല്ല.

3)ഇൻഷ്വറൻസ് ക്ലെയിം ചെയ്തതിന്റെ വിവരങ്ങളും ഫയലിൽ ഇല്ല.അപകടം നടന്നു കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും മെയിന്റനൻസിനായി ചെലവഴിച്ച തുക ക്ലെയിം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

5) അപകടവുമായി ബന്ധപ്പെട്ട് കേസ് നിലവിലുണ്ടോ എന്ന വിവരവും, പോലീസ് റിപ്പോർട്ടുകളോ, ഇൻഷ്വറൻസ് കമ്പനിയുമായി ക്ളെയിം ആവശ്യപ്പെട്ടുള്ള കത്തിടപാടിന്റെ വിവരമോ ഫയലിൽ ലഭ്യമല്ല.

ഇതു കൂടാതെ ഈ വാഹനത്തിന് കംപ്രസർ വാങ്ങിയ ഇനത്തിലും റിപ്പയറിങ്ങിനായും 31180/-രൂപ. (26480 + 4700) 2017 മാർച്ച് മാസത്തെ വൗച്ചർ പ്രകാരം (വൗച്ചർ നം രേഖപ്പെടുത്തിയിട്ടില്ല) ചെലവാക്കിയതായി

കാണുന്നു. (ചെക്ക് നം 1572651 തി. 16.3.17, 1572646 തി.15.3.17) റിപ്പയറിങ്ങ് ജോലിക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി ഡബ്ല്യൂ ഡി മെക്കാനിക്കൽ ഡിവിഷന്റെ അംഗീകാരം നേടുകയോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള മൽസരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിച്ചതായോ കാണുന്നില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.1,6) മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ചെലവു തുകയായ 442935/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ -ടെണ്ടർ ഫാറ വില,വാറ്റ് എന്നിവ ബ്ലോക്ക് പഞ്ചായത്തിലേക്ക് ലഭ്യമായില്ല

2016-17 വർഷത്തിൽ പഞ്ചായത്തിൽ 25മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ ടെണ്ടർ ഫീ,വാറ്റ് എന്നീ ഇനങ്ങളിലെ വരവ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫീ ഇനത്തിൽ 1,16,500/- രൂപയും വാറ്റിനത്തിൽ 5,825/- രൂപയും വരവുണ്ട്. ഈ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള, മുള്ളുരുത്തി,കീച്ചേരി, പൂത്തോട്ട സി.എച്ച്.സി.കളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി അതാത് സി.എച്ച്.സികളിലെ മെഡിക്കൽ ഓഫീസർമാർ 2,00,000/- രൂപ വിതം കെ.എം.എസ്.സി.എൽ-ലേക്ക് നൽകിയിട്ടുണ്ട് . എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിട്ടില്ല.വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റ പേരും നമ്പരും | ചെലവ് വിവരം | ലഭ്യമാക്കിയ മരുന്നുകളുടെ വില | +ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകളുടെ വില |
|---|---|---|---|
| കീച്ചേരി സി.എച്ച്.സിക്ക് മരുന്ന വാങ്ങൽ എസ് 0054/17 | 2,00,000 ബിൽ നം.1/16-17 /29.12.2016 | 1,91,839 | 8,161 |
| മുള്ളുരുത്തി സി.എച്ച്.സിക്ക് മരുന്ന വാങ്ങൽ എസ് 0052/17 | 2,00,000 ബിൽ നം.1/16-17 /11.1.2017 | 43,104 | 1,56,896 |
| പൂത്തോട്ട സി.എച്ച്.സിക്ക് മരുന്ന വാങ്ങൽ എസ് 0050/17 | 2,00,000 ബിൽ നം.1 /16-17/17.3.17 | 1,49,718 | 50,282 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-5 തനത് ഫണ്ടിൽ നിന്ന് ചെലവാക്കിയ തുക തിരികെ ഈടാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്ന് 2016-17 സാമ്പത്തിക വർഷം സാക്ഷരതാപ്രേരക്-മാരുടെ ഹോണറേറിയം ഇനത്തിൽ 59,740/-രൂപയും(12/16,1/17 മാസങ്ങളിലെ ഹോണറേറിയം) സംയോജിത നീർത്തട പരിപാലന പരിപാടിയുടെ കരാർ ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ 2,95,000 /-രൂപയും (9/16,10/16,11/16,1/17,2/17 മാസങ്ങളിലെ ഹോണറേറിയം)ഉൾപ്പെടെ ആകെ നല്കിയ 3,54,740/-രൂപ തിരികെ തനത് ഫണ്ടിലേക്ക് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2016-17 | 52,97,027 | ഐ.എ.വൈ | 48,92,500 | 4,04,527 |
| ജില്ല പഞ്ചായത്ത് | 2016-17 | 1,23,61,851 | ഐ.എ.വൈ | 68,77,500 | 54,84,351 |

ചെലവഴിക്കാൻ ബാക്കിയുള്ള തുകകൾ ചെലവഴിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2016-17 വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന നിർമ്മാണം | നം.17774/ DD1/13 /ത.സ്വ.ഭ.വ. /20.3.13/, ജില്ലാ സഹകരണ ബാങ്കിന്റെ 014/48313/ | 33,00,000 | 26,40,000 | 15,62,000 | - | 10,78,000 |

| | | | | | | |
|---|---|---|---|---|---|---|
| | LN/794 /643/26.4.13 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | - | 2010-11 | 5.3.7(1) | സ്വന്തമല്ലാത്ത സ്ഥലത്ത് കമ്യൂണിറ്റി ഹാൾ നിർമ്മാണം – പദ്ധതിപ്പണം പാഴായി | W(PC)31034/14 നമ്പറായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,85,12,151 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,75,17,401 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,41,337 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,42,935 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 141337 | ശ്രീ.ജൂഡ് ജോസഫ്, അസി.എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4,42,935 | ബൈജു റ്റി. പോൾ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബൈജു റ്റി.പോൾ, സെക്രട്ടറി | സെക്രട്ടറി,പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | തെക്കേപൊല്ലയിൽ കോഴിപ്പിള്ളി-686691 |
| ജൂഡ് ജോസഫ്, സെക്രട്ടറി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | തെമ്മായത്ത് , കോതാട് പി.ഒ. കൊച്ചി-27 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(ബിപി.2).1501/12/19.7.12/ 4.9.12 |
| 1998-99 | |
| 1999-2000 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 288/12/ 17.5.12 |

| | |
|---|---|
| 2010-11, | എൽ.എഫ്.ഇ.(ബി.പി.2) 1991/14/ 23.1.2015 |
| 2011-12 | എൽ.എഫ്.ഇ.(ബി.പി.2) 1992/14/ 23.1.2015 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.2) 1993/14/ 23.1.2015 |
| 2013-14 | എൽ.എഫ്.ഇ.(ബി.പി.2) 34/15/10.2.2015 |
| 2014-15& 2015-16 | കെ.എസ്.എ ഇ.കെ.എം.(ബി.പി)1578/2016/1.10.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി) 2035/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട് - 682030
ഫോൺ : 0484 - 2422271
email:doekm.ksad@kerala.gov.in
തീയതി :15 .12.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 2-2ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX – I

## AUDIT CERTIFICATE

No.KSA-EKM(BP)2035/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date :15.12 .2017

Certified that I have audited the Annual Financial Statement of Mulanthuruthy Block Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Mulanthuruthy Block Panchayat for the year 2016-17except the observations in para 2-2 of my audit report prorperly presents the picture of income and expenditure.

Joint Director